പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3592 08.11.2019-ലെ മറുപടിക്ക്

**ആലപ്പുഴയിൽ നിന്ന് ചെങ്ങന്നൂർ വഴി അടൂർ, കൊട്ടാരക്കര സർവ്വീസ്**

ചോദ്യം

ശ്രീ.സജി ചെറിയാൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | |
|---|---|
| ചെങ്ങന്നൂർ നിവാസികൾക്ക് ഭരണ സിരാകേന്ദ്രമായ ആലപ്പുഴയിൽ എത്താൻ ചെങ്ങന്നൂരിൽ നിന്ന് നേരിട്ട് രണ്ടോ മൂന്നോ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മാത്രമാണുള്ളതെന്ന വസ്തുത പരിഗണിച്ച് യാത്രാദുരിതം ഒഴിവാക്കുന്നതിനും കളക്ഷൻ കൂട്ടുവാനും ആലപ്പുഴയിൽ നിന്ന് ചെങ്ങന്നൂർ-അടൂർ- കൊട്ടാരക്കര സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ? | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.8.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ യാത്രാക്ലേശം പൂർണ്ണമായും ഒഴിവാക്കുന്നതിന് ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. കൂടാതെ ആലപ്പുഴയിൽ നിന്നും അടൂർ-ചെങ്ങന്നൂർ വഴി കൊട്ടാരക്കരയിലേയ്ക്ക് പുതുതായി സർവ്വീസ് ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ